## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3740 15-12-2014-ൽ മറുപടിയ്ക്ക്

### ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

**ചോദ്യം:**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ; | (എ) | ജില്ലാതല വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം , കൈവശം സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം, കൈവശം സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഓരോ ജില്ലയിലും നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ? | (സി) | എല്ലാ ജില്ലകളിലും ശക്തവും വിപുലമായ ബോധവല്ക്കരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, എക്സിബിഷനുകൾ, ലഹരി വിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ, മൈക്ക് അനൗൺസ്മെന്റ് മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ബോധവത്ക്കരണ സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്.<br>2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കേരളത്തിലെ 13 ജില്ലകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി പ്രൊഫ. ഗോപിനാഥ് |

| | | | |
|---|---|---|---|
| | | | മുതുകാടിൻെറ "മാജിക് വിത്ത് എ മിഷൻ" എന്ന പരിപാടി നടത്തുകയുണ്ടായി.<br>എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പ് അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിൻെറ ഭാഗമായി വിവിധ ബോധവൽക്കരണ പ്രചരണ പരിപാടികൾ എല്ലാ വർഷങ്ങളിലും നടത്തി വരുന്നുണ്ട്.<br>ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിൻെറ ഭാഗമായി പൊതുജനങ്ങളിൽ നിന്നും ലഹരിക്കെതിരെയുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ ക്ഷണിക്കുകയുണ്ടായി. ടി പോസ്റ്ററുകളുടെ ഒരു പ്രദർശനം തിരുവനന്തപുരം മ്യൂസിയം ഹാളിൽ വച്ച് 2012 ആഗസ്റ്റ് മാസം 6, 7 തീയതികളിൽ നടത്തി.<br>എക്സൈസ് വകുപ്പ് ഗാന്ധിജയന്തി വാരാഘോഷം മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുളള ബോധവൽക്കരണ വാരമായി ആഘോഷിച്ചു വരുന്നുണ്ട്.<br>സന്നദ്ധ സംഘടനകളുടെയും, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡൻറ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br>ടി.വി, എഫ്.എം റേഡിയോ, മാസിക തുടങ്ങി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണ പരസ്യങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി ബസ്സുകളുടെ പുറത്ത് മൂന്ന് വശങ്ങളിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പരസ്യങ്ങൾ പതിച്ച് പ്രചാരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും സി.സി.ടി.വി ബോധവത്ക്കരണ പരസ്യങ്ങൾ വഴി പ്രചാരണം നടത്തിയിട്ടുണ്ട്.<br>റെയിൽവേ സ്റ്റേഷനുകളിൽ ലഹരി വിരുദ്ധ അനൗൺസ്മെന്റ് നടത്തുകയുണ്ടായി.<br>സി.യു.ജി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 ഡിപ്പാർട്ടുമെന്റ് മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംഗ് ടോണായി ഇപ്പോൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.<br>സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ആരംഭിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ എണ്ണം 1298 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ, ചിത്ര പ്രദർശനങ്ങൾ, ചിത്ര രചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, റാലികൾ, കൂട്ട ഓട്ടം, പോസ്റ്റർ പ്രദർശനങ്ങൾ, പോസ്റ്റർ രചനാ മത്സരങ്ങൾ മുതലായവ നടത്തി.<br>സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മാതൃകയിൽ കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തി വരുന്നു.<br>ലഹരി വരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുത്ത 243 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## അനുബന്ധം - 1

| ക്രമ നം | ജില്ല | ചെലവഴിച്ചതുക | | |
|---|---|---|---|---|
| | | 2011 -12 | 2012 -13 | 2013 -14 |
| 1. | Thiruvananthapuram | 1, 77,500 | 2,42,019 | 2,13,000 |
| 2. | Kollam | 1, 77,500 | 1,90,934 | 25,000 |
| 3. | Pathanamthitta | 1, 77,500 | 1,20,000 | 25,000 |
| 4. | Alappuzha | 1, 77,500 | 1,21,978 | 25,000 |
| 5 | Kottayam | 1, 77,500 | 2,38,950 | 25,000 |
| 6 | Idukki | 1, 77,500 | 2,13,185 | 25,000 |
| 7 | Ernakulam | 1, 77,500 | 3,02,039 | 25,000 |
| 8 | Thrissur | 1, 77,500 | 2,62,099 | 2,76,663 |
| 9 | Palakkad | 1, 77,500 | 1,17,000 | 25,000 |
| 10 | Malappuram | 1, 77,500 | 2,34,394 | 25,000 |
| 11 | Kozhikkode | 1, 77,500 | 1,57,238 | 75,000 |
| 12 | Wayanad | 1, 77,500 | 1,14,660 | 25,000 |
| 13 | Kannur | 1, 77,500 | 2,84,134 | 25,000 |
| 14 | Kasaragod | 1, 77,500 | 1,44,409 | 25,000 |
| | TOTAL | **24,85,000** | **27,43,039** | **8,39,663** |